ATCHED
08/06/2020
6. 5. 20



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.105(7)/2013**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.621/എസ്.ഐ.സി-ജി 6/13
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.പ്രകാശ്.പി.കെ
പൂമലയിൽ വീട്
ഇരമല്ലൂർ പി.ഒ-686 691
ഇരമല്ലൂർ
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
റവന്യൂ ഡിവിഷണൽ ആഫീസ്
മിനി സിവിൽ സ്റ്റേഷൻ
മൂവാറ്റുപുഴ
2. അപ്പീൽ അധികാരി ആന്റ് മാനേജിംഗ് ഡയറക്ടർ
റവന്യൂ ഡിവിഷണൽ ആഫീസർ
റവന്യൂ ഡിവിഷണൽ ആഫീസ്
മിനി സിവിൽ സ്റ്റേഷൻ
മൂവാറ്റുപുഴ
} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേൽ എസ്.പി.ഐ.ഒ യും അപ്പീൽ അധികാരിയും തൃപ്തികര മായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. 28.09.2012 ൽ ഹർജിക്കാരൻ നൽകിയ 8 ചോദ്യങ്ങൾ ഉൾപ്പെട്ട വിവരാവകാശ അപേക്ഷയ്ക്ക് 10.10.2012ൽ എസ്.പി.ഐ.ഒ മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 25.10.2012 ൽ അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കുകയും 23.11.2012 അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു.

3. എസ്.പി.ഐ.ഒ. കമ്മീഷനിൽ 05.02.2020 ൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ, ഹർജിക്കാരൻ എൻ.ജി.ഒ ക്വാർട്ടേഴ്സ് സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടതെന്നും ആയതിൽ ലഭ്യമായ വിവരങ്ങൾ ടിയാന് നൽകിയിട്ടുണ്ടെന്നും, മറ്റ് ചില വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിക്കുന്നതിന് അവസരം നൽകിയിട്ടുള്ളതാണെന്നും എന്നാൽ ഹർജിക്കാരൻ ഹാജരായിട്ടില്ലാത്തതുമാണ്. എൻ.ജി.ഒ ക്വാർട്ടേഴ്സ് പൊതുമരാമത്ത് വകുപ്പിന് കീഴിലായതിനാൽ ക്വാർട്ടേഴ്സിന്റെ അലോട്ട്മെന്റ് സീനിയോറിറ്റിയും സംവരണ തത്ത്വവും പാലിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ അനുവദിക്കുന്നതാണെന്നും, സ്പെഷ്യൽ ഓർഡർ പ്രകാരം ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നത് ബഹു.സർക്കാരിൽ നിക്ഷിപ്തവുമാണ് എന്നും ആയതിനാൽ ചില വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നുമാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയതായി കമ്മീഷൻ വിലയിരുത്തുകയും എതിർകക്ഷി കമ്മീഷനിൽ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടുള്ളതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 മേയ് 06–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM